(സി) ഭൂഗർഭ ജലം സംരക്ഷിക്കുക എന്ന നിശ്ചിത ലക്ഷ്യത്തോടെ വയലുകളും ചതുപ്പുകളും സംരക്ഷിക്കുവാൻ പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

8 (* 238) മത്സ്യ വിപണന ബൂത്തുകൾ

ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മൊത്തം എത്ര ബൂത്തുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബൂത്തുകൾ തുടങ്ങുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെയാണോ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി ജില്ലകൾക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) എൻ.സി.ഡി.സി-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി, 98 പ്രകാരം 80-ഉം കോൾഡ് ചെയിൻ പദ്ധതി പ്രകാരം 100-ഉം മത്സ്യ വിപണന ബൂത്തുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങളിൽ മിൽമാ ബൂത്തുകളുടെ മാതൃകയിൽ 120 മത്സ്യ വിതരണ ബൂത്തുകൾ, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) എൻ.സി.ഡി.സി-യുടെ ധനസഹായത്തോടെ ആരംഭിക്കുന്ന മത്സ്യവിതരണ ബൂത്തുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയായിരിക്കും നടത്തുന്നത്. രണ്ട്പേർ ഉൾപ്പെടുന്ന ഗ്രൂപ്പിനായിരിക്കും ബൂത്ത് അനുവദിക്കുക. വായ്പ കാലാവധി 3 വർഷമായിരിക്കും. വായ്പ തുകയ്ക്ക് 15% പലിശ ഈടാക്കുന്നതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ 2.5% പിഴ പലിശ കൂടി ഈടാക്കുന്നതായിരിക്കും. എൻ.സി.ഡി.സി-യുടെയും, കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മുൻഗണന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കായിരിക്കും. പ്രസ്തുത സംഘങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയാത്ത പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ശങ്ങളിൽ മറ്റ് സഹകരണ സ്ഥാപനങ്ങൾക്കോ, തൊഴിൽ രഹിതരായവരുടെ ഗ്രൂപ്പുകൾക്കോ വിപണന കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്. 2 മുതൽ 15 വരെ അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പുകൾക്കായിരിക്കും വിപണന കേന്ദ്രങ്ങൾ അനുവദിക്കുക. വായ്പ തുക തിരിച്ചടവ് കാലാവധി 3 വർഷമായിരിക്കും. 15% പലിശ ഈടാക്കുന്നതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ 2.5% പിഴപ്പ ലിശ കൂടി ഈടാക്കുന്നതായിരിക്കും.

പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങളിൽ മിൽമ ബൂത്തുകളുടെ മാതൃകയിൽ 120 മത്സ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര ങ്ങൾ അതാത് പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തുന്നതായി രിക്കും. ബൂത്തുകൾ നടത്തുന്നതിനുള്ള ഗുണഭോക്താക്കളെയും പ്രസ്തുത തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെ ടുന്ന ഓരോ ഗുണഭോക്താവിനും 50,000/- രൂപ ധനസഹായം അനുവദിക്കുന്ന താണ്.

(ഡി) സംസ്ഥാനത്തെ പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങളിൽ. മിൽമാബൂത്തുകളുടെ മാതൃകയിൽ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ള മത്സ്യ വിപ ണന കേന്ദ്രങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നട പ്പിലാക്കുന്നത്.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാ നുദ്ദേശിക്കുന്ന പദ്ധതിപ്രകാരം 60 ലക്ഷം രൂപയും എൻ.സി.ഡി.സി-യുടെ ധന സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 120 ലക്ഷം രൂപയും വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

9 (*239) മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച വനിതാ ബാങ്കുകൾ

ശ്രീ. എളമരം കരീം :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച വനിതാ ബാങ്കുകൾ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു;

(ബി) ഈ വനിതാ ബാങ്കുകൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വനിതാ ബാങ്കുകളുടെ പ്രവർത്തനങ്ങൾ പഠിക്കാനും വിപുലീ കരിക്കാനുമായി സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയി ട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് പുതിയ വനിതാ ബാങ്കുകൾ ആരംഭിക്കാൻ ഉദ്ദേ ശമുണ്ടോ;

(എഫ്) എങ്കിൽ എവിടെയെല്ലാമാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly